MONDAY

05.02.2024

തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR     Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/02/2024

1. കേരളത്തിലെ നാളികേര കർഷകർക്കും, സംരംഭകർക്കും തെങ്ങു കയറ്റത്തിനും മറ്റ് കേര സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി പരിശീലനം ലഭിച്ച തെങ്ങ് കയറ്റക്കാരെ ലഭ്യമാകുന്നതിനായി ഹലോ നാരിയൽ കോൾ സെന്ററിന്റെ 9447175999 എന്ന നമ്പറിലേയ്ക്ക് വിളിക്കുകയോ, വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്. രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെയാണ് പ്രവർത്തന സമയം. ഇതിനുപുറമെ കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള തെങ്ങ് കയറ്റക്കാർക്കും, തെങ്ങിന്റെ ചങ്ങാതിമാർക്കും കോൾ സെന്ററിൽ രജിസ്റ്റർ ചെയ്യാം.

2. കേരള കാർഷിക സർവകലാശാല, ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ വെച്ച് നബാർഡ് മലപ്പുറത്തിന്റെ സാമ്പത്തിക സഹായത്തോടുകൂടി കാർഷിക മേഖലയിൽ സംരംഭകത്വ സാധ്യതകളുള്ള വിഷയത്തിൽ ഏകദിന/ദ്വിദിന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. കൂൺ കൃഷി, കൂൺ വിത്തുല്പാദനം, സസ്യപ്രജനനം, നഴ്സറി പരിപാലനം, പഴം-പച്ചക്കറി സംസ്കരണം, ജൈവ-ജീവാണു വളനിർമ്മാണം, സൂക്ഷ്മ ജലസേചനം, തേനീച്ച വളർത്തൽ, പൂകൃഷി എന്നീ വിഷയങ്ങളിലാണ് പരിശീലനം നടത്തുന്നത്. താല്പര്യമുള്ളവർ പരിശീലനങ്ങളിൽ പങ്കെടുക്കുന്നതിന് ഇന്ന് (05/02/2024) വൈകീട്ട് 4 മണിക്ക് മുമ്പായി രജിസ്ട്രേഷനുവേണ്ടി ആനക്കയം ഗവേഷണ കേന്ദ്രത്തിൽ നേരിട്ടോ 0483 2848239 നമ്പറിലോ ബന്ധപ്പെടുക.

3. തൃശൂർ കൃഷിവിജ്ഞാനകേന്ദ്രത്തിൽ ചിപ്പികൂൺ വിത്തുകൾ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9400483754 എന്ന ഫോൺ നമ്പരിൽ വിളിക്കുക

4. ക്ഷീര വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി മാസത്തിൽ ഇടുക്കി അണക്കരയിൽ വച്ച് നടത്തപ്പെടുന്ന 2023-24 വർഷത്തെ സംസ്ഥാന ക്ഷീര സംഗമം "പടവ്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2024' നോടനുബന്ധിച്ച് ക്ഷീര മേഖലയിലെ മാധ്യമ ഇടപെടലുകൾ കൂടുതൽ ശക്തമാക്കുന്നതിന് മാധ്യമ പ്രവർത്തകരുടെ സൃഷ്ടികൾക്ക് പുരസ്ക്കാരങ്ങൾ നല്കുന്നു. ക്ഷീര വികസനവുമായി ബന്ധപ്പെട്ട് പൊതുവിഭാഗത്തിനായി മികച്ച പത്ര റിപ്പോർട്ട്, മികച്ച പത്ര ഫീച്ചർ, മികച്ച ഫീച്ചർ/ലേഖനം (കാർഷിക മാസികകൾ), മികച്ച പുസ്തകം (ക്ഷീര മേഖല), മികച്ച ശ്രവ്യ മാധ്യമ ഫീച്ചർ, മികച്ച ദൃശ്യ മാധ്യമ റിപ്പോർട്ട്, മികച്ച ദൃശ്യ മാധ്യമ ഫീച്ചർ ,മികച്ച ദൃശ്യ മാധ്യമ ഡോക്കുമെൻററി/ മാഗസിൻ പ്രോഗ്രാം, മികച്ച ഫോട്ടോഗ്രാഫ് ('ക്ഷീരമേഖല കരുതലിന്റെ സ്നേഹസ്പർശം' എന്ന വിഷയത്തിൽ) പുരസ്ക്കാരങ്ങൾക്കായി അപേക്ഷകൾ ക്ഷണിക്കുന്നു. ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥർക്ക് 1. മികച്ച ഫീച്ചർ-ദിനപ്പത്രം, ആനുകാലികം 2. മികച്ച ഫോട്ടോഗ്രാഫ് ('ക്ഷീരമേഖല കരുതലിന്റെ സ്നേഹസ്പർശം' എന്ന വിഷയത്തിൽ) എൻട്രികൾ 2023 ജനുവരി 01 മുതൽ 2023 ഡിസംബർ 31 വരെയുള്ള കാലയളവിൽ പ്രസിദ്ധപ്പെടുത്തിയതായിരിക്കണം. മത്സരം സംബന്ധിച്ചുള്ള നിബന്ധനകളും അപേക്ഷാഫോറത്തിന്റെ മാതൃകയും വകുപ്പിന്റെ www.dairydevelopment.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിജയികൾക്ക് 25,000 രൂപ ക്യാഷ് അവാർഡും ഫലകവും പ്രശസ്തി പത്രവും നൽകുന്നതായിരിക്കും. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി: 12.02.2024 വൈകിട്ട് 5 മണി. അപേക്ഷകൾ അയക്കേണ്ട വിലാസം ജോയിന്റ് ഡയറക്ടർ (സ്റ്റേറ്റ് ഡയറി ലാബ്), ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്, പട്ടം പി.ഒ, തിരുവനന്തപുരം -695004. കൂടുതൽ വിവരങ്ങൾക്ക് 9495818683/999524086190 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ ക്ഷീര കർഷക ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കുന്ന ക്ഷീരസാന്ത്വനം ഇൻഷുറൻസ് പദ്ധതിയിൽ ചേരാൻ അവസരം.

ചികിത്സാ ചെലവു താങ്ങാനാവാതെ പശുക്കളെ വിൽക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാൻ രൂപകൽപന ചെയ്ത പദ്ധതിയിൽ ഇടുക്കി ജില്ലയിലെ എല്ലാ ക്ഷീരകർഷകർക്കും അംഗമായി ചേർന്ന് ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് വരുത്താനാവും. മൊബൈലിൽ ലഭിക്കുന്ന ലിങ്ക് വഴി ക്ഷീര കർഷകർക്ക് എളുപ്പത്തിൽ പദ്ധതിയിൽ ചേരാനവും. ക്ഷീര കർഷകർക്കായുള്ള ഈ ഗ്രൂപ്പ് ഇൻഷുറൻസ് പോളിസിയുടെ കാലാവധി 2023 ഡിസംബർ 18 മുതൽ 2024 ഡിസംബർ 17 വരെയാണ്. പദ്ധതിയിൽ 80 വയസ്സ് വരെയുള്ള ക്ഷീരകർഷകനും അവരുടെ ജീവിത പങ്കാളിക്കും ആശ്രിതരായ 25 വയസ്സു വരെയുള്ള 4 കുട്ടികൾക്കും അംഗമാകാം. അംഗമാകുന്നവർക്ക് ഒരു വർഷത്തേക്ക് ഒരു ലക്ഷം രൂപയുടെ ആരോഗ്യ സുരക്ഷാ പോളിസിയും 7 ലക്ഷം രൂപയുടെ അപകട സുരക്ഷാ ഇൻഷുറൻസ് കവറേജും 59 വയസ്സ് വരെയുള്ളവർക്ക് ഒരു ലക്ഷം രൂപയുടെ (സ്വാഭാവികമരണത്തിന്) ലൈഫ് ഇൻഷുറൻസും ലഭിക്കും. ഇൻഷുറൻസിൽ ചേരുന്ന ആദ്യ 22000 ക്ഷേമനിധി അംഗങ്ങൾക്ക് 1725 രൂപ സബ്സിഡി ലഭിക്കും.

**പരിശീലന പരിപാടി**

6. പൂക്കോട് വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് കീഴിൽ പ്രവർത്തിക്കുന്ന ഡയറി സയൻസ് ആൻഡ് ടെക്നോളജി കോളേജിൽ യോഗർട്ട് നിർമ്മാണത്തിൽ പരിശീലനം നൽകുന്നു. പൂക്കോട് ടെക്നോളജി ഇൻഫർമേഷൻ ആൻഡ് സെയിൽസ് സെൻററിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 15 മുതൽ 17 വരെയാണ് പരിശീലനം. 3000 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. താത്പര്യമുള്ള ക്ഷീരകർഷകർ, സംരംഭകർ ഫെബ്രുവരി 10 നകം 9744975460 നമ്പറിൽ രജിസ്റ്റർ ചെയ്യുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## 7. കാർഷിക നിർദ്ദേശം

കെ. സി. പി. എം മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രത്തിൽ നിന്നുള്ള അറിയിപ്പ് -കഴിഞ്ഞ പുഞ്ച സീസണിൽ കാവാലം രാജപുരം പാടശേഖരത്തിൽ 2.2 ഹെക്ടറിലും നീലംപേരൂർ ഐ ബ്ലോക്ക് പാടശേഖരത്തിൽ 1.6 ഹെക്ട്ടറിലും, കോണം ആര്യാടൻ പക്കാ പാടശേഖരത്തിൽ 4 ഹെക്ട്ടറിലും ലക്ഷ്മി രോഗം ബാധിച്ചിരുന്നു. ഈ സീസണിലും പ്രസ്തുത കൃഷിയിടങ്ങളിൽ ലക്ഷ്മി രോഗം വരാൻ സാധ്യതയുണ്ട്. ആയതിനാൽ കഴിഞ്ഞ സീസണിൽ ഈ രോഗം കാണപ്പെട്ട കൃഷിയിടങ്ങളിൽ മാത്രം മുൻകരുതലായി അടിക്കണ പരുവത്തിൽ പ്രോപികോണസോൾ അടങ്ങിയ കുമിൾനാശിനി 1 മില്ലി /1 ലിറ്റർ വെള്ളം എന്ന തോതിൽ തളിക്കേണ്ടതാണ് കർഷകർക്ക് കീട നിരീക്ഷണ കേന്ദ്രവുമായി 9526254400 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം